# നദികളുടെ പേരിൽ ഒരു വർഗ്ഗീയ കാര്യപരിപാടി

കേരളത്തിലെ നദികളെ മൊത്തമായും ചില്ലറയായും രക്ഷിക്കാൻ ഒരു സ്പോൺസേർഡ് പ്രോഗ്രാം തയ്യാറായി വരുന്നു. മറ്റു പരിസ്ഥിതി പ്രസ്ഥാനങ്ങളിൽ നിന്നെല്ലാം തീണ്ടപ്പാടകലം കണിശമായി പാലിച്ചുകൊണ്ട് ചില പ്രസ്ഥാനങ്ങൾ തട്ടിക്കൂട്ടി നടന്നിരുന്ന ഏതാനും മഹദ് വ്യക്തികളെ മുന്നിൽ നിർത്തിയാണ് സ്വദേശി ശാസ്ത്രപ്രസ്ഥാനം പുതിയ കച്ചവടം ആരംഭിച്ചിട്ടുള്ളത്. ഈ മഹാന്മാർ തീരെ മോശക്കാരെന്നു പറഞ്ഞുകൂട. നാട്ടിൽ നടന്ന പല നല്ല സംരംഭങ്ങളേയും ഒരു പ്രസ്താവന കൊണ്ടുപോലും പ്രോത്സാഹിപ്പിക്കാതിരിക്കാൻ ശ്രദ്ധിച്ചുപോന്നിരുന്ന ഇവർ അതേസമയം പല സവർണ്ണ സാമുദായിക പ്രസ്ഥാനങ്ങളിലും സജീവമായി പ്രവർത്തിക്കുകയും ചെയ്യുവരാണ്.

പ്രകൃതിചികിത്സാപ്രസ്ഥാനത്തെ ഗാന്ധിഘാതകരുടെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടുന്നതിന് ഇവർ ആസൂത്രിതമായ ചില നീക്കങ്ങൾ നടത്തിയിരുന്നു. തൃശ്ശൂരിലെ പേരാമംഗലം പ്രകൃതിചികിത്സാസാനട്ടോറിയത്തിന്റെ കാര്യത്തിൽ ഈ പരിശ്രമം ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു. പ്രകൃതിചികിത്സയെ മതപരമായ ഒരനുഷ്ഠാനവും തീവ്രവാദവും ആക്കി അവതരിപ്പിക്കുന്നതിനും എഴുതുന്നതിനും ക്രമേണ ഒരു ഹിന്ദുനവോത്ഥാനമായി ചിത്രീകരിക്കുന്നതിനും അവർ ശ്രമിച്ചുപോന്നു. പലവിധ തട്ടിപ്പുകാരും സ്ഥാപിതതാല്പര്യക്കാരും യാഥാസ്ഥിതികന്മാരും അവരുടെ തുണയ്ക്കെത്തുകയും ചെയ്തു. (പ്രചരണത്തട്ടിപ്പുകളിൽ കുടുങ്ങിയ ഹതഭാഗ്യരുടെ ദുരന്തകഥകൾ ഒരു പരമ്പരയ്ക്കുള്ളവയാണ്). അറിഞ്ഞോ അറിയാതെയോ പുതിയ നദീസംരക്ഷകർ ഇക്കാലമത്രയും ജനകീയ ഇടപെടലുകൾക്കെതിരായിരുന്നു. ജാഥകളും മറ്റും നടത്തുന്നത് അവർക്ക് പുച്ഛമായിരുന്നു. കോടതിയെ മാത്രമാണ് പരിസ്ഥിതിസംരക്ഷകരായി അവർ കണ്ടിരുന്നത്. ഇപ്പോൾ കേന്ദ്രഭരണക്കാരുടെ ചില വർഗ്ഗീയ അജണ്ടകൾ നിറവേറ്റുന്നതിന് നദീസംരക്ഷണം മറയാക്കി മാറ്റാൻ കഴിയുമെന്നായപ്പോൾ ബോധവൽക്കരണയാത്ര എല്ലാവിധ പ്രചരണകോലാഹലങ്ങളോടെയും അരങ്ങേറുകയായി. പണ്ടൊരിക്കൽ പെരിയാർപുഴയ്ക്ക് വേണ്ടി 200 കോടി രൂപയുടെ ഫണ്ടനുവദിപ്പിക്കുന്നതിനും അതിന്റെ നടത്തിപ്പുകാരായി മാറുന്നതിനും ഇവർ ഒരു ശ്രമം നടത്തിയിരുന്നു. ഇതും അതുപോലൊരു ബൃഹദ്കാര്യപരിപാടിയാണെന്നുവരാം, ദീപസ്തംഭം മഹാശ്ചര്യം എന്നാണല്ലോ?

കേരളത്തിലെ ചെറുതും വലുതുമായ ഒട്ടനവധി പരിസ്ഥിതി സംരക്ഷണപ്രസ്ഥാനങ്ങൾ ഒട്ടേറെ ത്യാഗങ്ങൾ സഹിച്ച് ഉണ്ടാക്കിയെടുത്ത സാമാന്യമായ ഒരു പരിസ്ഥിതിയാവബോധത്തെ ഹിന്ദുവർഗ്ഗീയതയ്ക്കുവേണ്ടി ഹൈജാക്ക് ചെയ്യാൻ കസേരപ്രവർത്തനംവിട്ട് ഹൈടെക് യാത്രയുമായി രംഗത്തെത്തിയിരിക്കുന്ന നമ്മുടെ ചങ്ങാതിമാർ ഇത്രയും നാൾ അവർ അണിഞ്ഞുനടന്നിരുന്ന നിഷ്പക്ഷതയുടെ പൊയ്മുഖം സ്വയം അഴിച്ചുമാറ്റിയത് ആശ്വാസകരം. ഇനി കാര്യങ്ങൾ നേരെചൊവ്വെ ചോദിക്കാമെന്നായി. ഇനി പറയുന്ന ചോദ്യങ്ങൾക്ക് നദീവന്ദനക്കാർ മറുപടി പറയുമെന്ന് കരുതാം.

1. നർമ്മദാനദിയിലെ അണക്കെട്ടിന്റെ കാര്യത്തിൽ എന്തു നിലപാടെടുക്കുന്നു?

2. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്ന സമ്പന്നരുടെ അമിതമായ ഉപഭോഗത്തിന്റെ കാര്യത്തിൽ സാമൂഹികമായ ഇടപെടൽ എങ്ങിനെ നടത്താൻ കഴിയും?

3. പാരിസ്ഥിതിക തകർച്ചയുടെ സാമൂഹിക - പാരിസ്ഥിതിക കാരണങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലും ശാസ്ത്രീയമായ പരിഹാരം തേടലും നടത്തുന്നതിനുപകരം മതചിഹ്നങ്ങളോടും അനുഷ്ഠാനങ്ങളോടും ബന്ധപ്പെടുത്തുന്നത് ജനങ്ങളെ വഴിതെറ്റിക്കാനല്ലേ?

4. വിദേശമൂലധനത്തിനും ആഡംബരസംസ്കാരത്തിനും വാതിലുകൾ മലർക്കെ തുറന്നിട്ടുകൊടുത്ത കേന്ദ്രസർക്കാരിനോടുള്ള നിങ്ങളുടെ നിലപാടെന്താണ്? സ്വദേശിവാദം മുതലാളിമാർക്കുവേണ്ടി മാത്രമോ അതോ ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടിയോ?

നിങ്ങളുടെ പാരിസ്ഥിതികമായ വീണ്ടുവിചാരങ്ങൾ വർഗ്ഗീയ അജണ്ടകൾ വിട്ട് കൂടുതൽ യാഥാർത്ഥ്യബോധം വികസിക്കുമെന്ന പ്രതീക്ഷയോടെ.

ജോൺസൻ, നീലേശ്വരം.